# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. 1794 — 21.01.2014 -ൽ മറുപടി നൽകേണ്ടത്

## ജനന സർട്ടിഫിക്കറ്റ് വിതരണ നടപടി ലഘൂകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി | |
| (എ) | വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കമായ വിഭാഗങ്ങളുടെ കുട്ടികൾക്ക് വിവധാവശ്യങ്ങൾക്ക് ജനന സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോൾ, നിയമ വ്യവസ്ഥകളിലെ തടസ്സങ്ങൾ ചൂണ്ടിക്കാട്ടി രേഖകൾ നിഷേധിക്കുന്നതുമൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ പാലക്കാട് ജില്ലയിലെ പറമ്പിക്കുളം ഉൾപ്പെടുന്ന മുതലമട ഗ്രാമപഞ്ചായത്തിലും ഇടുക്കി ജില്ലയിലെ അടിമാലി, കാന്തല്ലൂർ, മറയൂർ, മാങ്കുളം, ഇടമലക്കുടി എന്നീ പഞ്ചായത്തുകളിലും ആദിവാസി മേഖലകളിലും, ജനനം യഥാസമയം രജിസ്റ്റർ ചെയ്യാത്തതു കാരണം സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പഠിപ്പുമുടങ്ങുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് പ്രസ്തുത ജനനം രജിസ്റ്റർ ചെയ്യുന്നതിനായി രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ച് ആർ.ഡി.ഒ യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ അദാലത്ത് നടത്തി ജനനം രജിസ്റ്റർ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇപ്രകാരം മറ്റു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലും ആദിവാസി മേഖലകളിലും കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി എത്ര എൻ. എ. സി അനുവദിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വീടുകളിൽ നടക്കുന്ന പ്രസവം അജ്ഞത കൊണ്ട് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വന്നാൽ അത്തരക്കാർക്ക് പിൽക്കാലത്ത് രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള നടപടിക്രമം | (ബി) | ജനനം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ. ഡി. ഒ) അനുമതിയോടെ മാത്രമെ രജിസ്റ്റർ |

വ്യക്തമാക്കുമോ ;

ചെയ്യാൻ പാടുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

I. ജനനം നടന്ന് 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ

a) ജനന റിപ്പോർട്ട് 2 കോപ്പി

b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം

c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ്)

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസ സ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 5/ രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം)

II. ജനനം നടന്ന് ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ

a) ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

b) സത്യവാങ്മൂലം (ആർ.ഡി.ഒ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലായവയിൽ ഏതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനന സ്ഥലം സംബന്ധിച്ച രേഖ

d) രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം).

e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

(സി) ജനന സർട്ടിഫിക്കറ്റിൽ തിരുത്ത് ആവശ്യമായി വരുമ്പോൾ അതിനുള്ള അപേക്ഷയോടൊപ്പം അച്ഛന്റെയും അമ്മയുടെയും സ്കൂൾ സർട്ടിഫിക്കറ്റും ഹാജരാക്കിയിരിക്കണമെന്ന വ്യവസ്ഥയുണ്ടോ ; സ്കൂളിൽ ഔപചാരിക പഠനം നടത്തിയിട്ടില്ലാത്ത അച്ഛനമ്മമാരുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന തിരുവനന്തപുരം കോർപ്പറേഷനിൽ

(സി) ജനന മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ വന്ന 01-04-1970 ന് ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും തിരുത്തുന്നതിനോ

കൈക്കൂലിക്ക് ഇടയാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

റദ്ദാക്കുന്നതിനോ രജിസ്ട്രാർക്കു തന്നെ തീരുമാനം എടുക്കുന്നതിന് വ്യവസ്ഥയുണ്ട്. കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരിലെ തിരുത്തലുകൾക്ക് കുട്ടിയുടെ സ്കൂൾ രേഖ മതിയാകും എന്നാൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേരുകൾ തിരുത്തണമെങ്കിൽ മാതാപിതാക്കളുടെ സ്കൂൾ രേഖ ഹാജരാക്കേണ്ടതാണ്. സ്കൂൾ രേഖ ലഭ്യമല്ലെങ്കിൽ ആധാരം/ പെൻഷൻ പേയ്മെന്റ് ഓർഡർ/ ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്/സമ്മതിദായക പട്ടിക/ ഇലക്ടറൽ തിരിച്ചറിയൽ കാർഡ്/ റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കിയാൽ മതിയാകും. സ്കൂളിൽ ഔപചാരിക പഠനം നടത്തിയിട്ടില്ലാത്ത അച്ഛനമ്മമാരുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന തിരുവനന്തപുരം കോർപ്പറേഷനിൽ കൈക്കൂലിക്ക് ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്കൂൾ പഠനം നടത്തിയിട്ടില്ലാത്ത പ്രായം ചെന്ന അച്ഛനമ്മമാരുടെ കാര്യത്തിൽ, വില്ലേജ് ഓഫീസർ അതു സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഔചിത്യമില്ലാത്ത ആവശ്യം ചില മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസുകളെങ്കിലും ഉന്നയിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ ?

(ഡി) ഇത്തരത്തിലുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് മുനിസിപ്പൽ കോർപ്പറേഷൻ രജിസ്ട്രാർമാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ